**തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ്**
**മുഖ്യനഗരാസൂത്രകന്റെ നടപടിക്രമം**
**തിരുവനന്തപുരം**

വിഷയം :- തദ്ദേശ സ്വയം ഭരണ വകുപ്പ് പ്ലാനിംഗ്-മുഖ്യ നഗരാസൂത്രകന്റെ കാര്യാലയം-തിരുവനന്തപുരം-സാങ്കേതികവിഭാഗം-മലപ്പുറം ജില്ല-തിരൂർ നഗരസഭ -തൃക്കണ്ടിയൂർ വില്ലേജ് -വാണിജ്യ കെട്ടിട നിർമ്മാണം- കൺകറൻസ് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:-1. ശ്രീമതി.തിത്തുമ്മു, പന്നിക്കണ്ടത്തിൽ ഹൗസ്, തിരൂർ എന്നവരുടെ അപേക്ഷ.
2. മലപ്പുറം ടൗൺപ്ലാനറുടെ 24/02/2022-ലെ TCPMPM/124/2022-A3 നമ്പർ കത്ത്.

---

**കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം**

ഉത്തരവ് നം. TCPCTP/553/2022-C2 തീയതി:17/03/2022

---

മലപ്പുറം ജില്ലയിലെ തിരൂർ നഗരസഭ പരിധിയിലുള്ള തൃക്കണ്ടിയൂർ വില്ലേജിൽ സർവ്വേ നമ്പർ 223/1-2-ൽ ഉൾപ്പെട്ട 3156 ച.മീ സ്ഥലത്ത് B+G+2+Stair എന്നിവ ചേർത്ത് ആകെ 4 നിലകളുള്ളതും 3571.56 ച.മീ Built up വിസ്തീർണ്ണം ഉള്ളതുമായ വാണിജ്യ കെട്ടിടം നിർമ്മിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ ശ്രീമതി. തിത്തുമ്മു വിന്റെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.എം.ബി.ആർ 2019-നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി അംഗീകൃത തിരൂർ സെൻട്രൽ ഏരിയ വിശദ നഗരാസൂത്രണ പദ്ധതി ll പ്രകാരമുള്ള കൺകറൻസ് അംഗീകാരം നൽകി ഉത്തരവാകുന്നു.

നിബന്ധനകൾ

1. നിർമ്മാണം കെ.എം.ബി.ആർ 2019 ചട്ടങ്ങൾക്കും അനുബന്ധ ഭേദഗതികൾക്കും Sanctioned DTP Scheme ll Provision കൾക്കും അനുസൃതമായിരിക്കണം.
2. കെ.എം.ബി.ആർ 2019 ചട്ടം 9(2) പ്രകാരം സ്ഥലത്തിന്റെ അതിരുകളും അളവുകളും പ്രമാണങ്ങളും ആധികാരികതയും ഉടമസ്ഥാവകാശവും, നിർമ്മാണാവകാശവും പ്രസ്തുത ഭൂമി പുറംമ്പോക്ക് ഭൂമിയിൽ ഉൾപ്പെട്ടതല്ലെന്ന് രേഖകൾ പരിശോധിച്ച് ആധികാരികമാണെന്നും മുൻസിപ്പൽ സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.
3. നിർമ്മാണാനുമതി നല്കുന്നതിനുമുമ്പ് ചട്ടം 5(4) Table sl no.12 അനുസരിച്ച് ഫയർ ഡിപ്പാർട്ട്മെന്റിൽ നിന്നും അനുമതി വാങ്ങേണ്ടതാണ്.
4. ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നൽകുന്ന മുറയ്ക്ക് ബേസ്മെന്റ് ഫ്ലോർ പാർക്കിംഗ് ആവശ്യത്തിനായും, Ground Floor, First Floor, Second Floor കൾ കൊമേർഷ്യൽ ഒക്കുപ്പൻസിക്കുമായിട്ടാണ് ക്രമീകരിച്ചിട്ടുള്ളതെന്ന് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.
5. ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നൽകുന്നതിന് മുൻപ് ഫയർ ഡിപ്പാർട്ട്മെന്റ് അനുശാസിക്കും വിധം ഫയർ ആന്റ് ലൈഫ് സേഫ്റ്റി പ്രൊട്ടക്ഷൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്ന് മുൻസിപ്പൽ സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.
6. ചട്ടം 29(2), 29(5), 29(7) പ്രകാരം കാർ പാർക്കിംഗ്, ടൂ വീലർ പാർക്കിംഗ്, ലോഡിങ് ആന്റ് അൺലോഡിങ് space എന്നിവ നൽകിയിട്ടുണ്ടെന്നും Terrace plan ൽ

പാർക്കിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളതിനാൽ ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നൽകുന്നതിന് മുമ്പ് പ്രസ്തുത മെക്കാനിസം പ്രവർത്തന സജ്ജമാണെന്നും ഇലക്ട്രിക്ക് പവർ Failure ഉണ്ടാകുന്ന പക്ഷം Generator സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്നും ഉറപ്പുവരുത്തേണ്ടതാണ്.

7. ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നൽകുന്നതിന് മുൻപ് ചട്ടം 42(1)(2)(4) പ്രകാരം അംഗപരിമിതർക്കാവശ്യമായ Ramp, Lift, Toilet എന്നിവ നൽകിയിട്ടുണ്ടെന്നും, ലിഫ്റ്റ് പ്രവർത്തന സജ്ജമാണെന്നും ഉറപ്പുവരുത്തേണ്ടതാണ്.
8. ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നൽകുന്നതിന് മുമ്പ് ചട്ടം 34(3) Table-13 അനുസരിച്ച് ആവശ്യമായ സാനിട്ടേഷൻ Facilities നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.
9. ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നൽകുന്നതിന് മുമ്പ് ചട്ടം 76(1)(2) അനുസരിച്ച് Rain Water Recharging/Storage arrangement എന്നിവ നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.
10. ചട്ടം 79(I) പ്രകാരമുള്ള waste management സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ ലേ-ഔട്ട് നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കാൻ പാടുള്ളൂ.

ചീഫ് ടൗൺപ്ലാനറുടെ ഉത്തരവിൻ പ്രകാരം

**ഉള്ളടക്കം- ഒരു സെറ്റ് പ്ലാൻ**

Signature valid

ഫമിദാ യൂസഫ്.എം.
ടൗൺ പ്ലാനർ

ടൗൺപ്ലാനർ, മലപ്പുറം

പകർപ്പ്:-

1. ശ്രീമതി. തിത്തുമ്മ ,പന്നിക്കണ്ടത്തിൽ ഹൌസ് ,കമരമംഗലം,തിരൂർ-676 101
2. സെക്രട്ടറി, തിരൂർ നഗരസഭ
3. വെബ് സൈറ്റ്
4. കരുതൽ ഫയൽ
5. അധികം

0040739